ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഈ കൊല്ലത്തെ ബഡ്ജറ്റിൽ പത്തുലക്ഷം രൂപയേ ഉണ്ടായിരുന്നുള്ളു. ഏതായാലും സെന്റേത് 14 ആയിരംരൂപ കെട്ടിവയ്ക്കാനുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. ഇതിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കൊടുത്തത് പത്തുലക്ഷം രൂപയേയുള്ളു. രണ്ടുലക്ഷംരൂപയുടെ പോരായ്മയുണ്ട്. അത് സാരമില്ല. ആനയെ വാങ്ങിക്കാമെങ്കിൽ ചങ്ങലയും വാങ്ങിക്കാമെന്ന് പറയുന്നതുപോലെ പത്തുലക്ഷം രൂപയുണ്ടെങ്കിൽ പോരായ്മയുള്ള രണ്ടുലക്ഷം രൂപയ്ക്കുംകൂടി നികത്തികൊടുത്തുകൊണ്ട് ഇതിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

(7) കൊയിലാണ്ടി താലൂക്കാശുപത്രിയിലെ സെപ്റ്റിക്ടാങ്ക്

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, കേരള സംസ്ഥാനത്തിലെ മോശമായ ആശുപത്രിയെന്ന് പേരുകേട്ട കൊയിലാണ്ടി താലൂക്കാശുപത്രി ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം നമ്മുടെ സംസ്ഥാനത്തിലെ ഫസ്റ്റ് ഗ്രേഡ് താലൂക്കാശുപത്രിയായി ഉയർത്തിയിരിക്കുകയാണ്. വമ്പിച്ച മാറ്റങ്ങൾ ഇവിടെ വന്നു. കഷ്ടകാലമെന്ന് പറയട്ടെ അവിടത്തെ സെപ്റ്റിക് ടാങ്ക്പൊട്ടി ഒലിക്കാൻ തുടങ്ങിയിട്ട് മൂന്നുനാല് മാസമായി. ബന്ധപ്പെട്ട ആളുകളോട് പറഞ്ഞിട്ടും യാതൊരു ഫലവുമില്ലാത്തതുകൊണ്ടാണ് സബ്മിഷൻ മുഖേന ഈ സഭയിൽ അവതരിപ്പിക്കുന്നതിന് ആഗ്രഹിക്കുന്നത്. അവിടെയുള്ള ജീവനക്കാരും രോഗികളും ഇന്ന് നാറ്റം സഹിച്ചുകൊണ്ടാണ് ജീവിക്കുന്നത്. പടച്ചതമ്പുരാനും അവർക്കും മാത്രമേ അതിന്റെ ദുഃഖാവസ്ഥ അറിയുകയുള്ളു. ഈ കാര്യത്തിൽ അടിയന്തിരനടപടി ഗവൺമെന്റു ഭാഗത്തുനിന്ന് സ്വീകരിക്കണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കാൻ ഡയറക്ടർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. സൂപ്രണ്ട് അതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(8) ഏറ്റുമാനൂർ ബസ് സ്റ്റേഷന്റെ ദുഃസ്ഥിതി

ശ്രീ. ഇ. ജെ. ലൂക്കോസ് : ഏറ്റുമാനൂരിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം യാത്രയ്ക്കുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് 1981-ൽ ശ്രീ. കരുണാകരന്റെ നേതൃത്വത്തിലുള്ള മന്ത്രിസഭ ഉണ്ടായിരുന്ന അവസരത്തിൽ ട്രാൻസ്പോർട്ട് വകുപ്പിന്റെ ചാർജ്ജ് ഉണ്ടായിരുന്ന ശ്രീ. കെ. എം. മാണി അവിടെ ഒരു ഓപ്പറേറ്റിംഗ് സെന്റർ അനുവദിക്കാൻ നടപടി സ്വീകരിക്കുകയും പഞ്ചായത്തിൽനിന്ന് രണ്ടര ഏക്കർ സ്ഥലത്ത് എൻ. ആർ. ഇ. പി. സ്കീമിൽ ഉൾപ്പെടുത്തി അവിടെ മെറ്റൽ ചെയ്ത കെട്ടിടം പണിതിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly